# പതിനാലാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5745
### 25.05.2017 ലെ മറുപടിയ്ക്ക്

**ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട്**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ എൻ.എ. നെല്ലിക്കുന്ന്** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ശ്രീ. റ്റി. എം. തോമസ് ഐസക്ക്** |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം വിഭാഗം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാണ് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | നിലവിൽ സ്പാർക്ക് മുഖേന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്ന ഗസറ്റഡ്, നോൺ ഗസറ്റഡ് വിഭാഗങ്ങളിലെ എല്ലാ ജീവനക്കാർക്കും അവരുടെ താല്പര്യ പ്രകാരം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി കൈപ്പറ്റാവുന്നതാണ്. 03.02.2010 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 658/10/ഫിൻ പ്രകാരം എല്ലാ സെൽഫ് ഡ്രായിങ് ഓഫീസർമാരുടെയും ശമ്പളവും ആനുകൂല്യങ്ങളും ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാക്കിയിരുന്നു. 22.4.2017 ലെ 53/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് നോൺ ഗസറ്റഡ് വിഭാഗം ജീവനക്കാർക്കും അവർക്ക് താല്പര്യമുള്ള പക്ഷം ടി.എസ്.ബി. അക്കൗണ്ട് വഴി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റാവുന്നതാണ്. |
| (ബി) | ബാക്കി ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | ട്രഷറി അക്കൗണ്ട് മുഖേന ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന ബോർഡ്, കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ ജീവനക്കാർക്ക് അവരുടെ താല്പര്യ പ്രകാരം ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കാവുന്നതാണ് |

| | | |
|---|---|---|
| (സി) | ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് എ.ടി.എം. വഴി പണം പിൻവലിക്കാൻ സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണു സംവിധാനമുള്ളതെന്നും ഇല്ലെങ്കിൽ ഈ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് എ.ടി.എം. വഴി പണം പിൻവലിക്കാനുള്ള സംവിധാനം നിലവിലില്ല. 14.12.2012 ലെ G.O(Rt) No.10460/12/Fin പ്രകാരം സംസ്ഥാനത്തെ 4 ട്രഷറികളിൽ ATM സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന Stand alone ATM കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം. ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ